**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *153. 04.11.2019 ൽ മറുപടിക്ക്

## ഡിജിറ്റൽ വിപ്ലവം

**ചോദ്യം** **മറുപടി**

| | | | |
|---|---|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>,, കെ.ഡി. പ്രസേനൻ<br>,, യു. ആർ. പ്രദീപ്<br>,, കെ.ജെ. മാക്സി : | | | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) | വിവരവിനിമയ സാങ്കേതികവിദ്യയുടെ നേട്ടം എല്ലാവർക്കും ലഭ്യമാക്കി ഡിജിറ്റൽ വിടവ് ഒഴിവാക്കാൻ ലക്ഷ്യമിടുന്ന കെ- ഫോൺ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചു കൊണ്ട്, സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് കേരള ഫൈബർ ഒപ്റ്റിക് നെറ്റ്‌വർക്ക് (K-FON). ഈ പദ്ധതി വഴി സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനങ്ങളിലേക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കുവാനും പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നു. ഈ പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ |

| | | | |
|---|---|---|---|
| | | | ലിമിറ്റഡ് (കെ.എസ്.ഐ. ടി.ഐ.എൽ)ന്റെയും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ.എസ്.ഇ.ബി)ന്റെയും സംസ്ഥാന സർക്കാരിന്റെയും 49:49:2 എന്ന അനുപാതത്തിലുള്ള ഓഹരി പങ്കാളിത്തത്തോടെ 'കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് ലിമിറ്റഡ്' എന്ന പേരിൽ ഒരു പുതിയ ജോയിന്റ് വെൻചർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി സിസ്റ്റം ഇന്റഗ്രേറ്റർ ആയി ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിനെ തിരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതി സമയ ബന്ധിതമായി നടപ്പാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| ബി) | ജനങ്ങൾക്കെല്ലാം വൈ-ഫൈ വഴി സൗജന്യ ഡാറ്റാ ലഭ്യമാക്കുന്നതിന് രണ്ടായിരം വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനം പുരോഗമിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. കേരള സർക്കാർ നടപ്പാക്കുന്ന സൗജന്യ വൈ-ഫൈ പദ്ധതിയായ 'കെ-ഫൈ' യിലൂടെ 2000 ഹോട്ട്സ്പോട്ടുകൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. കേരളത്തിലുടനീളം 1927 വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. ശേഷിക്കുന്നവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | ഇന്റർനെറ്റ് ഒരു അവകാശമാക്കി ത്തീർക്കുന്നതുവഴി ഡിജിറ്റൽ വിപ്ലവത്തിന്റെ നേട്ടം സമൂഹത്തിനാകെ | (സി) | കെ-ഫോൺ പദ്ധതി സംസ്ഥാനത്തുടനീളം പ്രയോജനം ലഭ്യമാകുന്നതും സമഗ്രവുമായതിനാൽ ഒരു പ്രത്യേക പ്രചാരണ പ്രവർത്തന |

| | | | |
|---|---|---|---|
| | ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പ്രസ്തുത പദ്ധതിയെക്കുറിച്ച് പ്രചരണ പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | | ത്തിന്റെ ആവശ്യകത ഇപ്പോൾ പരിഗണന യിൽ ഇല്ല. |
| (ഡി) | ഇതോടനുബന്ധിച്ച് ഡിജിറ്റൽ ഭരണ സംവിധാനം വ്യാപകമാക്കി സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കുമോ? | (ഡി) | കെ-ഫോൺ പദ്ധതി പൂർത്തിയാകുന്നതിലൂടെ സംസ്ഥാനത്തെ 30,000 ത്തോളം വരുന്ന സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, അതിവേഗ ഇന്റർനെറ്റ് സേവനം ഇടതടവില്ലാതെ ലഭ്യമാകുന്നത് വഴി ഡിജിറ്റൽ ഭരണ സംവിധാനത്തിലൂടെ സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമ മായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ